LIBRARY ARCHIVES Kerala Legislative Assembly

പട്ടയഭൂമിയിലെ അനധികൃത മരം മുറി

109 (3815) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ മരം മുറിക്കാനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപയുടെ മരം അനധികൃതമായി മുറിച്ചുമാറ്റിയതായാണ് കണ്ടെത്തിയിട്ടുള്ളത്?

വനം വകുപ്പ് വിജിലൻസ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിലേയ്ക്ക് നൽകിയ പ്രാഥമിക റിപ്പോർട്ട് പ്രകാരം ഏകദേശം 1441.75 ലക്ഷം രൂപയുടെ മരങ്ങളാണ് മുറിച്ചുമാറ്റിയതായി കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് തുടരന്വേഷണം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ നടത്തി വരുന്നുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് വിവിധ ഫോറസ്റ്റ് റേഞ്ചുകളിലായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ലഭ്യമായ വിവരങ്ങൾ പ്രകാരം ഇതുമായി ബന്ധപ്പെട്ട് 30-7-2021 വരെ 570 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അനധികൃത മരം മുറി തടയുന്നതിൽ വീഴ്ചവരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

2 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28-6-2021-ലെ ഇ 1-3896/2021 ഉത്തരവ് പ്രകാരം അന്വേഷണവിധേയമായി സേവനത്തിൽനിന്നും മാറ്റിനിർത്തിയിട്ടുണ്ട്.

മരം മുറിക്കേസ്സിലെ ഉദ്യോഗസ്ഥർ

110 (3816) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരംമുറി കേസ്സുകളിൽനിന്നും വനം വകുപ്പുദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ?

ഇല്ല.

(ബി) വയനാട് മരം മുറിയുമായി ബന്ധപ്പെട്ട് കേസ്സെടുത്ത റേഞ്ച് ഓഫീസറെ കൂടുക്കാൻ ശ്രമിച്ച ഓഫീസർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഇല്ല. വയനാട്ടിലെ പട്ടയ ഭൂമിയിലെ മരംമുറി കേസുകളുമായി ബന്ധപ്പെട്ട് ശ്രീ. എൻ. ടി. സാജൻ, ഫോറസ്റ്റ് കൺസർവേറ്റർ (ഐ.&ഇ.) മേപ്പാടി റേഞ്ച് ഓഫീസറെയും മറ്റുദ്യോഗസ്ഥർക്കെതിരെയും വാസ്തവവിരുദ്ധമായ റിപ്പോർട്ടുകൾ നൽകി മരം കൊള്ളക്കാരെ സഹായിക്കുന്നതിനും അന്വേഷണം വഴിതിരിച്ചുവിടുന്നതിനും ശ്രമം നടത്തിയെന്ന ആരോപണത്തിന്മേൽ വകുപ്പുതല അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

പിടിച്ചെടുത്ത തടികളുടെ ഉടമസ്ഥാവകാശം

111 (3817) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത തടികളുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് ബുക്ക് ചെയ്ത ഒ.ആർ.-1/2021, 41/2021 കേസുകളിൽ 54-ഉം 66-ഉം കഷണം വീട്ടിതടികൾ പെരുമ്പാവൂരിലെ മില്ലിൽനിന്നും കല്ലുപാടി-കൂപ്പാടി റോഡരികിൽനിന്നും പിടിച്ചെടുത്തിരുന്നു. പിടിച്ചെടുക്കുന്ന സമയത്ത് ടി തടികൾ ഏത് മരത്തിൽ നിന്നാണെന്നോ മരം നിന്നിരുന്ന സ്ഥലം ഏതാണെന്നോ ഉള്ള വിവരം ലഭ്യമല്ലായിരുന്നു. തടികളുടെ ഉറവിടം കണ്ടെത്താനുള്ള അന്വേഷണം ദ്രുതഗതിയിൽ നടന്നുവരുന്നു. മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മറ്റെല്ലാ കേസുകളിലും പിടിച്ചെടുത്ത തടികൾ സർക്കാരിലേയ്ക്ക് നിക്ഷിപ്തമായുള്ള മരങ്ങളാണെന്നും പട്ടയ ഭൂമിയിൽനിന്നുമാണ് ആയത് മുറിച്ച് നീക്കം ചെയ്തിട്ടുള്ളതെന്നും ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മിയാവാക്കി വനങ്ങൾ കേരളത്തിൽ

112 (3818) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിയാവാക്കി വനങ്ങൾ സൃഷ്ടിക്കുവാൻ വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly